**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1785

05/12/2014-ൽ മറുപടിക്ക്

ഗ്രാമീണ സൂക്ഷ്മ തൊഴിൽ സംരഭക പദ്ധതി

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കുടുംബശ്രീകളിലെ സ്ത്രീകളെ സാമൂഹ്യമായും സാമ്പത്തികമായും, ശാക്തീകരിക്കുന്നതിന് എന്തെല്ലാം വരുമാനദായക പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും, ഇതുവഴി എത്ര സ്ത്രീകൾക്ക് ജോലി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | യുവശ്രീ, ഗ്രാമീണ സൂക്ഷ്മതൊഴിൽ സംരംഭ പദ്ധതി, സമഗ്ര, സംഘകൃഷി എന്നീ പദ്ധതികളിലായി 2392 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമീണ സൂക്ഷ്മ തൊഴിൽ സംരഭക പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയിലൂടെ കഴിഞ്ഞ മൂന്നു വർഷത്തിനിടെ എത്ര സംരഭകർക്ക് തൊഴിൽ ആരംഭിക്കുവാനും സബ്സിഡി നേടാനും കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 18-നും 55-നും ഇടയിൽ പ്രായമുള്ള കുടുംബശ്രീ വനിതകൾക്ക് പരിശീലനം, വായ്പ, സബ്സിഡി എന്നിവയോടെ സുസ്ഥിരവരുമാനം ഉറപ്പാക്കി തൊഴിൽ നൽകുന്ന ഗ്രാമീണ സൂക്ഷ്മതൊഴിൽ സംരംഭ പദ്ധതി ജില്ലയിൽ നടപ്പാക്കി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവഴി 717 സംരംഭകർക്ക് തൊഴിൽ ആരംഭിക്കാനും സബ്സിഡി നേടാനും സാധിച്ചിട്ടുണ്ട്. |
| (സി) | ആട്ടുഗ്രാമം, ക്ഷീരസാഗരം, ബഡ്സ് സ്കൂളുകൾ, യുവശ്രീ, സ്കിൽ & പ്ലെയ്സ്മെന്റ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതികൾക്കുള്ള എത്ര അപേക്ഷകളിൻമേൽ ജില്ലാ മിഷൻ തീർപ്പുകൽപ്പിക്കാനുണ്ട്; | (ഡി) | ഈ പദ്ധതികളുടെ അപേക്ഷകളിന്മേൽ ജില്ലാമിഷനിൽ തീർപ്പ് കൽപ്പിക്കാൻ ബാക്കിയില്ല. |
| (ഇ) | അപേക്ഷയിൻമേൽ തീർപ്പു കൽപ്പിക്കാനുള്ള തടസ്സം എന്താണെന്നും ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ